പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 700 16-07-2012 ൽ മറുപടിയ്ക്ക്**

ഭാഗപത്രം രജിസ്ട്രേഷൻ ഫീസ് ഏകീകരിക്കുന്നതിന് നടപടി

ചോദ്യം:

ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ.പി.കെ.ഗുരുദാസൻ :
ശ്രീ.എസ്.ശർമ്മ :
ശ്രീ.കെ.കെ.നാരായണൻ:

(എ) ഭാഗപത്രം രജിസ്റ്റർ ചെയ്യുന്നതിന് സംസ്ഥാനത്ത് പലയിടങ്ങളിലും വ്യത്യസ്ത നിരക്കിലുള്ള ഫീസാണ് ഈടാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളിൽ അവ്യക്തത ഉള്ളതായി പരാതി ഉയർന്നിട്ടുണ്ടോ;

(സി) എങ്കിൽ ഇവ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനും ഭാഗപത്രം രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫീസ് നിരക്ക് ഏകീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം:

ശ്രീ.അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) & (ബി) 2011 ലെ ഫിനാൻസ് ആക്ട് പ്രകാരം കേരള മുദ്രപത്ര നിയമത്തിൽ വരുത്തിയ ഭേദഗതിയെത്തുടർന്ന്, കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രങ്ങൾക്ക് ഈടാക്കേണ്ട ഫീസ് നിർണ്ണയിക്കുന്നതിൽ സബ് രജിസ്ട്രാർമാർക്കിടയിൽ ആശയക്കുഴപ്പങ്ങൾ നിലനിന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നു.

(സി) കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രങ്ങൾക്ക് ഈടാക്കേണ്ട മുദ്രവിലയും, രജിസ്ട്രേഷൻ ഫീസും നിർണ്ണയിക്കുന്നതിൽ വന്നിട്ടുള്ള ആശയക്കുഴപ്പങ്ങൾ പരിഹരിക്കുന്നതിനായി, 2012 ലെ കേരള ഫിനാൻസ് ബിൽ പ്രകാര ം കേരള മുദ്ര പത്ര നിയമത്തിലെ **ബന്ധപ്പെട്ട** ആർട്ടിക്കിളിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. കൂടാതെ, 18 - 04 - 2012 ലെ ജി. ഒ. (പി) നം.73/12/റ്റി.ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ദാനം, ധനനിശ്ചയം, ഒഴിമുറി എന്നീ ആധാരങ്ങൾക്ക് ഈടാക്കേണ്ട രജിസ്ട്രേഷൻ ഫീസ് 1% ആയി ഏകീകരിച്ച് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ